LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എ. അസീസ് ഉന്നയിച്ചത് വളരെ അനുഭാവപൂർവ്വം പരിഗണിക്കേണ്ട ഒരു വിഷയമാണ്. 25-5-2010-ലെ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ സർക്കാർ, പൊതുമേഖല, സഹകരണ, അദ്ധ്യ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, പെൻഷൻകാർ, ഒരേക്കറിൽ കൂടുതൽ ഭൂമിയുള്ളവർ എന്നിവരെയാണ് ഈ പദ്ധതിയുടെ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ തൊഴിലാളികളെ പോലെ പരമ്പരാഗത വ്യവസായങ്ങളിൽനിന്ന് പിരിഞ്ഞ് ക്ഷേമനിധി പെൻഷൻ വാങ്ങുന്നവർ ഉൾപ്പെടെ അസംഘടിത മേഖലയിലെ പെൻഷൻപ്പറ്റി പിരിഞ്ഞ എല്ലാ മുൻ തൊഴിലാളികൾക്കും പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് ഗവൺമെന്റ് കാണുന്നു. അവർക്കുകൂടി പ്രസ്തുത ആനുകൂല്യം നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതായിരിക്കും. രണ്ടാമത്തെ കാര്യം, ഒരു ക്രിസ്തുമസ് സമ്മാനമായിട്ട് കമ്പ്യൂട്ടർ വാങ്ങുന്നതിന് അമ്പതിനായിരം രൂപ എന്നുള്ളത് നാൽപ്പതിനായിരം രൂപയാക്കി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കാൻ പോകുകയാണ്. മൂന്നു കൊല്ലം വാടക എന്നുള്ളത് രണ്ടു കൊല്ലം വാടകയാക്കി തീരുമാനിച്ചിട്ടുണ്ട്.

(7) കേരള കോ-ഓപ്പറേറ്റീവ് പെൻഷനേഴ്സ് അസോസ്സിയേഷൻ നടത്തുന്ന സെക്രട്ടേറിയറ്റ് ധർണ്ണ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ സംഘടിതമാക്കി വളർത്താൻ ശ്രമിച്ച ആദ്യകാല സഹകരണ വകുപ്പിലെ ജീവനക്കാർ മിക്കവാറും ഇന്ന് പെൻഷണർമാരായി മാറി. ദീർഘമായ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് പെൻഷൻ ലഭ്യമാക്കിയെങ്കിലും അതിൽ ഇപ്പോഴും അപാകതകൾ, ഡിസ്പാരിറ്റീസുണ്ട്. അതുകൊണ്ട് വൺ റാങ്ക് വൺ പെൻഷൻ എന്ന ആവശ്യം അവർ ഉന്നയിച്ചിരിക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു കമ്മീഷനെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി അവരുടെ സംസ്ഥാന സമ്മേളനത്തിൽ സമ്മതിച്ചിട്ടുണ്ട്. ആറു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാമെന്ന് പറഞ്ഞിട്ട് മാസങ്ങൾ കുറേ കഴിഞ്ഞു. ഇതുവരെ കമ്മിറ്റി തന്നെ ഫലപ്രദമായി ഫംഗ്ഷൻ ചെയ്തിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. അതുപോലെ പെൻഷൻ ബോർഡ്. അതിൽ ഒമ്പത് പ്രതിനിധികൾ ആദ്യം ഉണ്ടായിരുന്നു. അത് പതിനൊന്നായി വർദ്ധിപ്പിച്ചു. ആരെ ഉദ്ദേശിച്ചാണോ ഈ സ്കീം ഉണ്ടാക്കിയത്, അതിന്റെ ഗുണഭോക്താക്കളായ പെൻഷൻകാരുടെ പ്രതിനിധികളെ അതിൽ ഉൾപ്പെടുത്തിയില്ല എന്ന ആവശ്യം അവർ ഉന്നയിച്ചു. പ്രതിനിധികളുടെ എണ്ണം 9 എന്നുള്ളത് 15 ആക്കിയിട്ടും പെൻഷൻ ബോർഡിൽ ഇവർക്ക് പ്രാതിനിധ്യം കൊടുത്തില്ല എന്നത് ന്യായീകരിക്കപ്പെടാത്ത ഒരു കാര്യമാണ്. അതുപോലെ ശമ്പള പരിഷ്കരണം വേണം. പെൻഷൻ ചട്ടങ്ങൾ കാലോചിതമായി മാറണം. മാന്യമായി ജീവിക്കാനുള്ള ചുരുങ്ങിയ പെൻഷൻ 2500 രൂപയായി നിജപ്പെടുത്തണം. ഫാമിലി പെൻഷൻ വോളന്ററി റിട്ടയർമെന്റ് വാങ്ങിയ ആളുകൾക്കുകൂടി കൊടുക്കണം. തുടങ്ങിയ ന്യായമായ, മിതമായ ആവശ്യം മുന്നിൽവച്ചുകൊണ്ട് കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സർവ്വീസ് മെൻ അസോസ്സിയേഷൻ ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ ഒരു ധർണ്ണ നടത്തുകയാണ്. അതുസംബന്ധിച്ച വിശദമായ നോട്ടീസ് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് കാരുണ്യപൂർവ്വം ഈ പ്രശ്നങ്ങൾ പരിഗണിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് സഹകരണ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സഹകരണ മേഖലയിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പെൻഷൻ നടപ്പിലാക്കിയ ആദ്യത്തെ ഗവൺമെന്റാണിത്. നേരത്തേ പ്രൈമറി സൊസൈറ്റി വിഭാഗത്തിൽ മാത്രമേ കുറച്ച് ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ജില്ലാ ബാങ്കിനായി, സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിനായി. കേരളത്തിലെ മുഴുവൻ സഹകരണ സംഘം ജീവനക്കാർക്കും പെൻഷൻ നടപ്പിലാക്കിയിരിക്കുകയാണ്. ഇപ്പോൾ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽത്തന്നെ ഈ ഗവൺമെന്റ് വന്നശേഷം അവർക്ക് നേരത്തേ ഇല്ലാതിരുന്ന മെഡിക്കൽ അലവൻസ് മാസംതോറും നൂറു രൂപ അനുവദിച്ചു. ഫാമിലി പെൻഷൻകാർക്ക് അമ്പത് രൂപ അനുവദിച്ചു. ഇരുന്നൂറോ ഇരുന്നൂറ്റിയമ്പതോ രൂപ പെൻഷൻ ഉണ്ടായിരുന്നത് മിനിമം അറുന്നൂറു രൂപയാക്കി. ഫാമിലി പെൻഷൻ അഞ്ഞൂറ്. ഇങ്ങനെ വർദ്ധിപ്പിച്ചു കൊടുത്തിട്ടുണ്ട്. തുടർന്ന് അവിടെ കുറച്ചു പ്രശ്നങ്ങൾ ഉണ്ടായിരുന്നു. സ്റ്റേറ്റ് സമ്മേളനത്തിൽ ഞങ്ങൾ രണ്ടു-പേരും പങ്കെടുത്തിരുന്നു. ഒരു കമ്മീഷനെ വച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടിയിട്ടില്ല. പെൻഷൻകാർക്ക് ചെയ്യാവുന്നതിന്റെ പരമാവധി സഹായങ്ങൾ ചെയ്യുന്നതിന് ഗവൺമെന്റിന് താൽപ്പര്യമുണ്ട്. പക്ഷേ ആർക്കും നടപ്പാക്കാനാകാത്ത ആവശ്യങ്ങൾ പെൻഷൻ പറ്റിയവരുടെ പേരിൽ പ്രചരിപ്പിക്കുന്നത് ആരെ സഹായിക്കുവാനാണ്? ഗവൺമെന്റ് ജീവനക്കാരെപ്പോലെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും പെൻഷൻ വേണമെന്നു പറഞ്ഞ് സെക്രട്ടേറിയറ്റിനു മുന്നിൽ സമരം ചെയ്യുകയാണ്. അവരെ ആര് ഉപദേശിക്കാനാണ്? ഇത് സ്വാശ്രയ പെൻഷനാണ്. മുപ്പത് മാസത്തിൽക്കൂടുതൽ പെൻഷൻ കൊടുക്കുവാനുള്ള തുക ഒരു ആളിൽനിന്ന് ഒരിക്കലും ഈടാക്കു വാൻ പറ്റുകയില്ല. മാക്സിമം വരുന്ന തുക മുപ്പത് മാസത്തെ പെൻഷൻ കൊടുക്കുവാൻ പറ്റും. മൂന്നു മാസം വരെ പെൻഷൻ വാങ്ങുന്നവരുണ്ട്. അതായത് 58 വയസ്സിൽ പെൻഷനായിട്ട് 90 വയസ്സുവരെ ജീവിച്ചിരുന്നവരുണ്ട്. മുപ്പത് മാസത്തെ പെൻഷന് സമാനമായ തുകയേ ഇവരോട് വാങ്ങുന്നുള്ളൂ. സർവ്വീസിലുള്ള മറ്റുള്ളവരുടെ പൈസയാണ് ഇവർ വാങ്ങുന്നത്. ഗവൺമെന്റ് പെൻഷൻ കൊടുക്കുന്നത് നയപ്രശ്നമാണ്. അത് ഗവൺമെന്റ് ചർച്ച ചെയ്യട്ടെ. തീർച്ചയായും അങ്ങ് ഉദ്ദേശിച്ചതുപോലെ നിയമത്തിൽ നിന്നുകൊണ്ട് സാധ്യമായ എല്ലാ ആനുകൂല്യങ്ങളും കൊടുക്കാം. പെൻഷൻബോർഡ് ഇല്ലാതാകുന്ന. ഡിമാന്റുകൾ ഉന്നയിക്കുവാൻ പാടില്ല. കാരണം മറ്റ് ബാങ്കുകളുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിലേയും അതുപോലെതന്നെ ജില്ലാ ബാങ്കിലേയും ജീവനക്കാർ വലിയ പെൻഷൻ തുകയാണ് അടയ്ക്കുന്നത്. അവർ എല്ലാവരും കൂടി അടയ്ക്കുന്ന ഒരു സഹകരണ പ്രസ്ഥാനമാണിത്. ആദ്യകാല പ്രവർത്തകർ ഈ കാര്യംകൂടി മനസ്സിലാക്കണം. അവർക്ക് ഈ ഗവൺമെന്റ് വളരെയധികം ആനുകൂല്യം കൊടുത്തു. ഇനിയും നമുക്ക് കൊടുക്കാം. ശാന്തമായും വിവേകപൂർവ്വമായും സഹകരണ പ്രസ്ഥാനവുമായി സഹകരിച്ച് ചർച്ച ചെയ്ത് പരിഹരിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.